**<u>തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്</u>**
**<u>ജില്ലാ കാര്യാലയം, ആലപ്പുഴ</u>**
<u>ജില്ലാ ടൗൺ പ്ലാനറുടെ ഉത്തരവ്</u>
*(ഹാജർ: ശ്രീമതി. ഇന്ദു വിജയനാഥ്)*

വിഷയം – തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് – ജില്ലാ കാര്യാലയം, ആലപ്പുഴ – നീലംപേരൂർ ഗ്രാമപഞ്ചായത്ത്– കാവാലം വില്ലേജ് – **സ്കൂൾ കെട്ടിടത്തിന്റെ** ക്രമത്ക്കരണവും, കൂട്ടിച്ചേർക്കലും– ലേ ഔട്ട് / യൂസേജ് ഓഫ് പ്ലോട്ട് എന്നിവയുടെ അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം–1) നീലംപേരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 15/12/2020–ലെ എ 3–2819/19 നമ്പർ കത്ത്.
2) ഫാദർ ജിജോ ജോർജ്ജ് കപ്പമൂട്ടിൽ, മാനേജർ, ഔവർ ലേഡി ഓഫ് ഡോളൗഴ്സ് ചർച്ച്, കൈനടി– യുടെ 11.1.02021–ലെ അപേക്ഷയും പുതുക്കി സമർപ്പിച്ച പ്ലാനുകളും.

**<u>ഉത്തരവ് നമ്പർ TCPALP/1804/2021–C / കെ.ഡിസ് തീയതി : 10/09/2021</u>**

ആലപ്പുഴ ജില്ലയിലെ നീലംപേരൂർ ഗ്രാമപഞ്ചായത്തിലെ കാവാലം വില്ലേജിൽ റീ–സർവ്വേ നമ്പർ 141/2–ൽപ്പെട്ട **10080** ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള വസ്തുവിൽ, നിലവിൽ സ്ഥിതി ചെയ്യുന്ന **3412.03** ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിൽ ഉൾപ്പെടുന്ന ; ഗ്രൗണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ എന്നീ നിലകളുള്ള **897** ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള സ്കൂൾ കെട്ടിടത്തിന്റെ സെക്കന്റ് ഫ്ലോറിൽ നിർമ്മാണം പൂർത്തീകരിച്ച **266.68** ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിട ഭാഗം (ഗ്രൂപ്പ് B – വിദ്യാഭ്യാസ വിനിയോഗം) ക്രമവത്ക്കരിക്കുന്നതിനും, പ്രസ്തുത കെട്ടിടത്തിനോട് കൂട്ടിച്ചേർത്ത് ഗ്രൗണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ, സെക്കന്റ് ഫ്ലോർ, ടെറസ് ഫ്ലോർ എന്നീ നിലകളിലായി **858.80** ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടഭാഗം (ഗ്രൂപ്പ് B – വിദ്യാഭ്യാസ വിനിയോഗം) നിർമ്മിക്കുന്നതിനുമുള്ള അനുമതിയ്ക്കായി പരാമർശിത കത്തുകൾ മുഖേന ഈ കാര്യാലയത്തിൽ ലഭ്യമാക്കിയ ഫാദർ ജിജോ ജോർജ്ജ് കപ്പമൂട്ടിൽ, മാനേജർ, ഔവർ ലേഡി ഓഫ് ഡോളൗഴ്സ് ചർച്ച്, കൈനടി എന്നയാളുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ. 2019 ചട്ടം (**5**)(6)(1)എ & ബി, ചട്ടം 30 എന്നിവ പ്രകാരം നിലവിലുള്ള കെട്ടിടങ്ങളും; ക്രമവത്ക്കരിക്കുന്നതിനും, കൂട്ടിച്ചേർത്ത് നിർമ്മിക്കുന്നതിനുമുള്ള കെട്ടിടഭാഗങ്ങളും ഉൾപ്പെടെ ആകെ **4537.31** ചതുരശ്ര മീറ്റർ വിസ്തീർണ്ണവും , എഫ്. എസ്.ഐ. 0.38, കവറേജ് 30.93 ശതമാനവും വരുന്ന നിർമ്മാണങ്ങൾക്ക് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി **ലേ ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും (യൂസേജ് ഓഫ് പ്ലോട്ട്)** അംഗീകാരം നൽകി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1. അപേക്ഷകന്റെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം , നിർമാണാവകാശം, സർവ്വേ നമ്പറുകൾ, അളവുകൾ, വിസ്തീർണ്ണം എന്നിവ സംബന്ധിച്ച ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ ഈ ഓഫീസിൽ പരിശോധനാ വിധേയമാക്കിയിട്ടില്ല. ആയതിനാൽ കെ.പി.ബി.ആർ.–2019 ചട്ടം 9(2) പ്രകാരം ആയത് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥലപരിശോധന നടത്തിയും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
2. 2008–ലെ കേരളാ നെൽവയൽ / നീർത്തട സംരക്ഷണ നിയമം, 2018–ലെ കേരളാ നെൽവയൽ / നീർത്തട സംരക്ഷണ (ഭേദഗതി) നിയമം എന്നിവയുടെ

പരിധിയിൽ വരുന്നില്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.

3. പുറമ്പോക്ക് ഭൂമിയുടെ കയ്യേറ്റമില്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
4. പ്രസ്തുത സ്ഥലത്ത് നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
5. യൂസേജ് ഓഫ് പ്ലോട്ട് / ലേ-ഔട്ട് അംഗീകാരം മാത്രമാണ് ഈ ഓഫീസിൽ നിന്നും നൽകുന്നത്. ഇത് ഒരു കെട്ടിട നിർമ്മാണാനുമതിയല്ല. ആയത് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും നിയമാനുസൃതം വാങ്ങേണ്ടതാണ്.
6. സ്വാഭാവിക ജല നിർഗമന മാർഗ്ഗങ്ങൾ അടഞ്ഞുപോകരുത്.
7. കെ.പി.ബി.ആർ.-2019 ചട്ടം 5(4) ക്രമ നമ്പർ (10) പ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും ആവശ്യമെങ്കിൽ അനുമതി ലഭ്യമാക്കിയിരിക്കണം.
8. കെ.പി.ബി.ആർ.-2019 ചട്ടം 5(4) ക്രമ നമ്പർ (12) പ്രകാരം ഫയർ ഫോഴ്സ് ഡയറക്ടറുടെയോ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ അംഗീകാരം വാങ്ങിയിരിയ്ക്കണം.
9. കെ.പി.ബി.ആർ.-2019 ചട്ടം 28(1) പ്രകാരം കെട്ടിടങ്ങളിലേക്കുള്ള പ്രവേശന മാർഗത്തിന്റെ വീതി നൽകിയിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
10. കെ.പി.ബി.ആർ.-2019 ചട്ടം (34) പ്രകാരം ആവശ്യമായ ശുചീകരണ സൗകര്യങ്ങൾ നൽകിയിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
11. കെ.പി.ബി.ആർ.-2019 ചട്ടം (42)(4) പ്രകാരം ഭിന്നശേഷിക്കാർക്ക് ആവശ്യമായ ശുചീകരണ സൗകര്യങ്ങൾ നൽകിയിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
12. പ്രസ്തുത നിർമ്മാണം കെ.പി.ബി.ആർ.-2019 ലെ ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിയ്ക്കണം.

**<u>അംഗീകരിച്ച ലേ-ഔട്ട് നമ്പർ - എൽ.എ. 19/2021</u>**

Signature Not Verified
Digitally signed by Indu Vijayanath
Date: 2021.09.10 12:34:17 IST
Reason: Approved

**ഇന്ദു വിജയനാഥ്**
**ടൗൺ പ്ലാനർ**
**ആലപ്പുഴ**

**സെക്രട്ടറി, നീലംപേരൂർ ഗ്രാമപഞ്ചായത്ത്** (സാക്ഷ്യപ്പെടുത്തിയ പ്ലാനുകൾ സഹിതം)

പകർപ്പ്: -

1. ഫാദർ ജിജോ ജോർജ്ജ് കപ്പമൂട്ടിൽ, മാനേജർ,
   ഔവർ ലേഡി ഓഫ് ഡോളൗഴ്സ് ചർച്ച്, കൈനടി,
2. ഓഫീസ് കോപ്പി.
3. കരുതൽ ഫയൽ